On...19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.1070(2)/2020/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ.7655/എസ്.ഐ.സി-ജി 6/20)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.അനിയൻ,
കടമ്പാട്ടുവീട്,
ചെറുകുന്ന് ദേശം,
പേരാമ്പ്ര പി.ഒ.,
തൃശ്ശൂർ-680689
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& സ്റ്റേഷൻ ഹൗസ് ഓഫീസർ, ചേർപ്പ് പോലീസ് സ്റ്റേഷൻ.
2. അപ്പീൽ അധികാരി& ഡി.വൈ.എസ്.പി., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, ഇരിങ്ങാലക്കുട സബ്ഡിവിഷൻ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/06/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/06/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23/07/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08/08/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 13/08/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. അനിയൻ 08/08/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 13/08/2020 തീയതി കമ്മീഷൻ

ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1070(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീൽ ഹർജിയിലും ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 09/06/2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ക്രൈം.473/19 **u/s** 174 **crpc** കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി നമ്പർ കേസ്സുമായി ബന്ധപ്പെട്ട് ഹർജിക്കാരന്റെ അമ്മയായ ശ്രീമതി കെ തങ്കമ്മയുടെ മൃതദേഹം പോസ്റ്റ്മാർട്ടം നടത്തിയിട്ടുള്ളതുമാണെന്നും പോസ്റ്റ്മാർട്ടം റിപ്പോർട്ട്പ്രകാരം ടിയാളുടെ ആന്തരികാവയവങ്ങൾ രാസപരിശോധനയ്ക്കയച്ചിരുന്നതും ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. യുടെ കത്തു പ്രകാരം അന്വേഷണം പൂർത്തിയാക്കിയ വിവരം അറിവായിട്ടുള്ളതുമാണെന്നും മേൽ നമ്പർ കേസ്സുമായി ബന്ധപ്പെട്ട് നടത്തിയ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള **chemical examination**ന്റെയും**(Blood viscera)**, **histopathology**യുടെയും **(Bits of tissues)** റിസൽട്ടിന്റെ പകർപ്പ് നൽകണമെന്നാണ്. ആയതിന് 20.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പരിശോധനാ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ്. ടി മറുപടിയ്ക്കെതിരെ ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയതിന് 23.07.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട ചേർപ്പ് സ്റ്റേഷൻ ക്രൈം 473/19 **u/s** 174 **crpc** കേസിലെ കെമിക്കൽ എക്സാമിനേഷൻ റിസൾട്ട് ലഭിച്ചിട്ടില്ലാത്തതാണെന്നും ടി വിവരങ്ങൾ പൂർണ്ണവും ആധികാരികവും സത്യവുമാണെന്നാണ്.

4. 30.10.2020ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയപരിധിയ്ക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അമ്മ മരണപ്പെട്ട വിഷയത്തിൽ ടിയാന്റെ ഭാര്യയുടെ മൊഴി പ്രകാരം ചേർപ്പ് പോലീസ് സ്റ്റേഷനിൽ 16.09.2019ന് ക്രൈം 473/19 **u/s** 174 **crpc** ആയി കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തിയിരുന്നതും മരണപ്പെട്ട ശ്രീമതി തങ്കമ്മ 90 വയസ്സ്, എന്ന സ്ത്രീയുടെ പോസ്റ്റ്മാർട്ടത്തിനു ശേഷം ബ്ലഡ്, വിസറ എന്നിവ കെമിക്കൽ എക്സാമിനേഷന് അയച്ചിട്ടുണ്ടെങ്കിലും പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ **Death due to Coronary artery disease** എന്നാണ് മരണകാരണമായി ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കേസിന്റെ അന്വേഷണം പൂർത്തിയാക്കി **Death due to Coronary artery disease** ആയി തീർപ്പാക്കി റിപ്പോർട്ട് തയ്യാറാക്കി തൃശ്ശൂർ സബ് ഡിവിഷൻ കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചുവെന്നുമാണ്. കൂടാതെ കമ്മീഷന്റെ കത്തു ലഭിച്ചതിനു ശേഷം പ്രസ്തുത അപേക്ഷ ചേർപ്പ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചുകൊടുക്കുകയും എന്നാൽ ഇപ്പോഴും പ്രസ്തുത റിസൾട്ടുകൾ ചേർപ്പ് സ്റ്റേഷനിലേയ്ക്ക് അയച്ചു കിട്ടിയിട്ടില്ലെന്നും ആയത് ലഭിക്കാത്തതുകൊണ്ടാണ് ടിയാന് നൽകാൻ സാധിക്കാത്തതെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലും ഒന്നാം അപ്പീലിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 6(1) അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ടിയാന് നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തി 10 ദിവസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/